**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1421** — **06.02.2020-ൽ മറുപടിക്ക്**

## മത്സ്യത്തൊഴിലാളി കടാശ്വാസം അനുവദിക്കൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ് :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | ശ്രീ. ജോസഫ്, ചിറയിൽ, പെരുംതുരുത്ത് പി.ഒ., കല്ലറ, കോട്ടയം എന്നയാൾ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ വഴി നൽകിയിരുന്ന പരാതിയിൽ കടാശ്വാസം അനുവദിക്കാൻ 27/2/2019 ൽ സഹകരണസംഘം രജിസ്ട്രാർക്ക് കമ്മീഷൻ നിർദ്ദേശം നൽകിയെങ്കിലും ഇതുവരെയും കടാശ്വാസം ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ & ബി) | ശ്രീ. ജോസഫ്, ചിറയിൽ, പെരുംതുരുത്ത് പി.ഒ,കല്ലറ, കോട്ടയം, എന്നയാളുടെ ഭാര്യ ശ്രീമതി. ബ്രിജിത്താമ്മ കല്ലറ വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക്, ലി.നം. 3123-ൽ നിന്നെടുത്ത വായ്പക്ക് കടാശ്വാസം ശിപാർശ ചെയ്ത് 3-ാം ഘട്ട അർഹത പട്ടികയിൽ ഉൾപ്പെടുത്തി സർക്കാരിന് നടപടികൾക്കായി സമർപ്പിച്ചിരുന്നു. എന്നാൽ കടാശ്വാസം ലഭ്യമായില്ലെന്ന ശ്രീ. ജോസഫിന്റെ പരാതി കമ്മീഷന്റെ 27/02/2019-ലെ സിറ്റിംഗിൽ പരിഗണിക്കുകയും 2002-ലെ വായ്പ വർഷം തോറും ക്രമമായി പുതുക്കി വന്നിരുന്നതായും അവസാനം 13/02/2008-ൽ പുതുക്കി നിലനിൽക്കുന്നതിനാൽ 2002-ലെ വായ്പ ബാദ്ധ്യത നിലനിൽക്കുന്നതായി കണക്കാക്കി മുതൽ കുടിശ്ശികയായ 40,000/-രൂപ കടാശ്വാസമായി അനുവദിക്കാവുന്നതാണെന്നും ആയത് രണ്ട് മാസത്തിനകം എതിർകക്ഷി ബാങ്കിന് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാൻ ജോയിന്റ് ഡയറക്ടർ/ജോയിന്റ് രജിസ്ട്രാറോട് നിർദ്ദേശിച്ച് ഉത്തരവായി. കടാശ്വാസം ലഭിച്ചില്ലെന്ന് വീണ്ടും പരാതി ലഭിച്ചതിനെ തുടർന്ന് ടി പരാതി 26/06/2019-ലെ സിറ്റിംഗിൽ പരിഗണിക്കുകയും കടാശ്വാസം അനുവദിക്കാൻ സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിച്ചതായി ജോയിന്റ് രജിസ്ട്രാർ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കടാശ്വാസ തുക നൽകാനുള്ള നടപടികൾ ത്വരിത പ്പെടുത്താൻ ജോയിന്റ് ഡയറക്ടർ/ ജോയിന്റ് രജിസ്ട്രാറോട് നിർദ്ദേശിച്ച് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയും സ്വീകരിച്ച നടപടി ത്വരിതപ്പെടുത്തി ശിപാർശ ചെയ്ത കടാശ്വാസ |
| (ബി) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സഹകരണസംഘം രജിസ്ട്രാർക്ക് നൽകിയ ഉത്തരവ് നാളിതുവരെ പാലിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ വകുപ്പുതല ഇടപെടൽ നടത്തുമോ? | | |

| | | | |
|---|---|---|---|
| | | | തുക രണ്ട് മാസത്തിനകം നൽകാൻ ജോയിന്റ് രജിസ്ട്രാറോട് 13/11/2019-ലെ സിറ്റിംഗിൽ നിർദ്ദേശിച്ച് ഉത്തരവായി. കൂടാതെ കടാശ്വാസമായി 1,60,032/- രൂപ കടാശ്വാസം അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ 24.01.2020 ലെ ഉത്തരവ് സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ